(എഫ്) ഗ്രോത്ത് സെന്ററിനുവേണ്ടി നാളിതുവരെ എത്ര ഹെക്ടർ സ്ഥലം കൈവശപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുഴുവൻ സ്ഥലത്തിന്റെയും വില നിർണ്ണയം കഴിഞ്ഞു.

(ബി) 1997-ൽ നിർണ്ണയിച്ച ഭൂമി വിലയേക്കാൾ വളരെ ഉയർന്ന നിരക്കാണ് ഇപ്പോൾ റവന്യൂ അധികാരികൾ നിർണ്ണയിച്ചിരിക്കുന്നത്. ഇക്കാലയളവിൽ വിലയിലുണ്ടായ ഗണ്യമായ വർദ്ധനവിന്റെ കാരണവും വിശദാംശങ്ങളും മറ്റും ജില്ലാകളക്ടറിൽനിന്ന് ശേഖരിച്ചുവരുന്നു.

(സി) 25 കെട്ടിടങ്ങളുടെ വില നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) അനാസ്ഥ ഉണ്ടായിട്ടുണ്ട്.

(ഇ) നിശ്ചിത കാലാവധിക്കകം സ്ഥലമെടുപ്പു നടപടികൾ പൂർത്തിയാക്കുന്നതിന് നടപടികൾ എടുത്തുവരുന്നു.

(എഫ്) കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലായി മൊത്തം 829 ഏക്കർ സ്ഥലം എടുത്തിട്ടുണ്ട്.

28 (552) എക്സിക്യൂട്ടീവുകൾ ചെലവഴിച്ച തുക

ശ്രീ. എം.കെ. മുനീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2000-മാർച്ച് 31 വരെ ഓരോ വർഷത്തിലും വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. മാരും ചീഫ് എക്സിക്യൂട്ടീവുകളും ടി.എ., ഡി.എ., അതിഥി സൽക്കാരം, ഫോൺ എന്നീ ഇനത്തിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഇവയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

29 (553) ഉപ്പ് വാങ്ങിയതിൽ നടന്ന ക്രമക്കേട്

ശ്രീ. പി. രാജു : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിൽ സെൽ പ്ലാന്റ് വിൽപ്പന സംബന്ധിച്ചും ഉപ്പ് കൊണ്ടുവരുന്നത് സംബന്ധിച്ചും ക്രമക്കേടുകൾ നടന്നിട്ടുണ്ടോ; എങ്കിൽ അത് അന്വേഷിക്കണമെന്ന് ആരെങ്കിലും ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; ഇതിൻമേൽ പരാതി കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ബി) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിൽ ഉപ്പ് എവിടെനിന്നും ഏതൊക്കെ സ്ഥാപനങ്ങളാണ് കൊണ്ടുവരുന്നത്; ഒരു ടൺ ഉപ്പ് കൊണ്ടുവരു

LIBRARY ARCHIVES Kerala Legislative Assembly